പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ .5199

27.07.2015 ൽ മറുപടിക്ക്

# അന്യ സംസ്ഥാനങ്ങളിലുള്ള സർക്കാർ ഭൂമി

ചോദ്യം
ശ്രീ.എ.കെ.ബാലൻ

ഉത്തരം
ശ്രീ .അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തിന് പുറത്ത് എവിടെയെല്ലാം സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിൽ ഭൂമിയുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ബി) | അവ ഏതെല്ലാം സംസ്ഥാനങ്ങളിൽ എത്ര അളവിലുണ്ടെന്ന് വ്യക്തമാക്കാമോ; | | |
| (സി) | പ്രസ്തുത ഭൂമി നിലവിൽ ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ട്; വിശദമാക്കാമോ; | (സി) | അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| (ഡി) | സംസ്ഥാനത്തിന്റെ ഉടമസ്ഥതയിൽ അന്യസംസ്ഥാനങ്ങളിലുള്ള ഭൂമിയിൽ കയ്യേറ്റം നടന്നിട്ടുള്ളതായി അറിയാമോ; ഇതു സംബന്ധിച്ച് കണക്ക് ലഭ്യമാണോ; എവിടങ്ങളിലെല്ലാമാണ് കയ്യേറ്റം നടന്നിട്ടുള്ളത്; | (ഡി) | അറിയാം. പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള സംരക്ഷിത സ്മാരകമായ പത്മനാഭപുരം കൊട്ടാരം ഉൾപ്പെടുന്ന 6 ഏക്കർ 30 സെന്റ് സ്ഥലത്ത് കൊട്ടാര വളപ്പിന് വെളിയിലായി ഏകദേശം 12.5 സെന്റിന്റെ കുറവ് വന്നിട്ടുണ്ട് എന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ വസ്തു കണ്ടെത്തുന്നതിനായി കേരള – തമിഴ് |

| | | | |
|---|---|---|---|
| | | | നാട് സർക്കാരുകളുടെ പ്രതിനിധികൾ ചേർന്ന് ജോയിന്റ് സർവ്വേ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ടി കൊട്ടാരം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് 15 സെന്റ് സ്ഥലം ഒരു സ്വകാര്യ വ്യക്തിയുടെ കൈവശത്തിലാണെന്നും കണ്ടെത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള തെങ്കാശി താലൂക്കിലെ കുറ്റാലം കൊട്ടാരം സ്ഥിതി ചെയ്യുന്ന 55.60 ഏക്കർ സ്ഥലത്ത് ഹിന്ദു റിലീജിയസ് ചാരിറ്റബിൾ എൻഡോവ്മെന്റ് എന്ന സംഘടന 20.5 സെന്റ് ഭൂമി കൈയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത 55.60 ഏക്കർ വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് തിരുവിതാംകൂർ മഹാരാജാവിന്റെ പിൻഗാമിയും തമിഴ്നാട് കേരള സർക്കാരുകളുമായും ഒരു കേസ് മദ്രാസ് ഹൈക്കോടതിയുടെ മധുര ബഞ്ചിൽ നിലവിലുണ്ട്. പ്രസ്തുത കേസ്സിൽ ഈ സംസ്ഥാനത്തിന്റെ താൽപര്യം സംരക്ഷിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അനുവർത്തിച്ചിട്ടുണ്ട്. 1964 ൽ ഡൽഹി കപൂർത്തല പ്ലോട്ടിൽ നിന്നും 2 ഏക്കർ സ്ഥലം കേരള എഡ്യൂക്കേഷൻ സൊസൈറ്റിക്ക് വിട്ടു നൽകിയിട്ടുണ്ട്. ചെന്നൈ നുങ്കംപക്കം വില്ലേജിൽ ഗ്രീൻസ് റോഡിൽ ഉണ്ടായിരുന്ന 8 ഏക്കർ |

| | | | |
|---|---|---|---|
| | | | സ്ഥലത്തുനിന്നും 3.05 ഏക്കർ സ്ഥലം ആശാൻ മെമ്മോറിയലിനും 3 ഏക്കർ സ്ഥലം അപ്പോളോ ആശുപത്രിക്കും വിട്ടു നൽകിയിരുന്നു. ബാക്കിയുള്ള 1.40 ഏക്കർ സ്ഥലം 3 വശത്തുമുള്ള റോഡുകൾക്കും തമിഴ് നാട് പോലീസ് ക്വാർട്ടേഴസിനുമായി കൈയ്യേറുകയും 0.55 ഏക്കർ സ്ഥലം കെ.ടി.ഡി.സി.ക്ക് പാട്ടത്തിന് നൽകുകയും ചെയ്തു. മറ്റുള്ള സ്ഥലങ്ങളിൽ കൈയ്യേറ്റം നിലവിലില്ല. |
| (ഇ) | സംസ്ഥാനത്തിന്റെ ഉടമസ്ഥത യിൽ അന്യസംസ്ഥാനങ്ങളിലുള്ള ഭൂമി സ്വകാര്യ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ ഏതെങ്കിലും വിധത്തിൽ നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ; | (ഇ) | ഇല്ല. |
| (എഫ്) | ഇതിൽ തർക്കങ്ങളിലോ കേസുക ളിലോ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുണ്ടോ; വിശദമാക്കുമോ? | (എഫ്) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം I

| ക്രമ നമ്പർ | പേര് | വസ്തുവിന്റെ വിസ്തീർണ്ണം | കെട്ടിടത്തിന്റെ വിസ്തീർണ്ണം | ഉടമാവകാശം (വകുപ്പ്) |
|---|---|---|---|---|
| 1 | കേരള ഹൌസ്, ന്യൂഡൽഹി | 2.496 ഏക്കർ | 6867.33 മീ.സ്ക്വയർ | പൊതുഭരണ വകുപ്പ് |
| 2 | ട്രാവൻകൂർ ഹൌസ്, ന്യൂഡൽഹി | 8.075 ഏക്കർ | 4424.00 മീ.സ്ക്വയർ | പൊതുഭരണ വകുപ്പ് |
| 3 | കപൂർത്തല പ്ലോട്ട്, ന്യൂഡൽഹി | 4.108 ഏക്കർ | 741.01 മീ.സ്ക്വയർ | പൊതുഭരണ വകുപ്പ് |
| 4 | കേരള പവിലിയൻ, പ്രഗതി മൈതാൻ, ന്യൂഡൽഹി | 0.40 ഏക്കർ | 2020.00 മീ.സ്ക്വയർ | ഇന്ത്യൻ ട്രെയിഡ് പ്രൊമോഷൻ ഓർഗനൈസേഷൻ |
| 5 | തുള്ളോക്ക് ഗാർഡൻ, ചെന്നൈ | 8.00 ഏക്കർ | ലഭ്യമല്ല | ടൂറിസം വകുപ്പ് |
| 6 | കേരള ഹൌസ്, കന്യാകുമാരി | 4.063 ഏക്കർ | ലഭ്യമല്ല | ടൂറിസം വകുപ്പ് |
| 7 | കുറ്റാലം കൊട്ടാരം കുറ്റാലം, തമിഴ് നാട് | 55.60 ഏക്കർ | ലഭ്യമല്ല | പൊതുമരാമത്ത് വകുപ്പ് |
| 8 | പത്മനാഭപുരം കൊട്ടാരം, കന്യാകുമാരി | 6.30 ഏക്കർ സ്ഥലത്താണ് എന്ന് പുരാ വസ്തു ഡയറ ക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. | ലഭ്യമല്ല | പുരാവസ്തു വകുപ്പ് |
| 9 | ടിമ്പർ ഡിപ്പോ, ചെങ്കോട്ട | 14.38 ഏക്കർ | 85.56 മീ.സ്ക്വയർ | വനം വകുപ്പ് |
| 10 | ടിമ്പർ ഡിപ്പോ, പൊള്ളാച്ചി | 8.62 ഏക്കർ | ലഭ്യമല്ല | വനം വകുപ്പ് |
| 11 | ടിമ്പർ ഡിപ്പോ, നഞ്ചൻകോട്, കർണ്ണാടക | 5.93 ഏക്കർ | 97.75 മീ.സ്ക്വയർ | വനം വകുപ്പ് |
| 12 | സത്രം, വാരണാസി ഉത്തർപ്രദേശ് | 0.175 ഏക്കർ | ലഭ്യമല്ല | കൊച്ചിൻ ദേവസ്വം ബോർഡ് |

Section Officer

# അനുബന്ധം II

| ക്രമ നമ്പർ | ഭൂമിയുടെ വിവരം | നിലവിൽ ഉപയോഗിക്കുന്നത് സംബന്ധിച്ച് ഫയൽ പ്രകാരം ലഭ്യമായിട്ടുള്ള വിവരങ്ങൾ |
|---|---|---|
| 1 | കേരള ഹൗസ്, ന്യൂഡൽഹി | ഗസ്റ്റ് ഹൗസ്, ഓഫീസ് ബ്ലോക്ക്, ഓഫീസേഴ്സ് ഫ്ളാറ്റ് |
| 2 | ട്രാവൻകൂർ ഹൗസ്, ന്യൂഡൽഹി | SBT, KELTRON, KSEB, NORKA CELL, DORMITORY |
| 3 | കപൂർത്തല പ്ലോട്ട്, ന്യൂഡൽഹി | സ്റ്റാഫ് ക്വാർട്ടേഴ്സ് |
| 4 | കേരള പലിയൻ, പ്രഗതി മൈതാൻ, ന്യൂഡൽഹി | എല്ലാ വർഷവും 15 ദിവസം ട്രേഡ് ഫെയർ നടത്തുന്നു. |
| 5 | തുള്ളോക്ക് ഗാർഡൻ, ചെന്നൈ | അപ്പോളോ ആശുപത്രി, ആശാൻ മെമ്മോറിയൽ സ്കൂൾ, കെ.റ്റി.ഡി.സി.ക്ക് ഗസ്റ്റ് ഹൗസ് നിർമ്മാണത്തിന് നൽകിയ ഭൂമി. |
| 6 | കേരള ഹൌസ്, കന്യാകുമാരി | ഗസ്റ്റ് ഹൗസ് |
| 7 | കുറ്റാലം കൊട്ടാരം, കുറ്റാലം, തമിഴ് നാട് | കുറ്റാലം കൊട്ടാരം PWD ഗസ്റ്റ് ഹൗസായി പ്രവർത്തിച്ചു വരുന്നു. |
| 8 | പത്മനാഭപുരം കൊട്ടാരം, കന്യാകുമാരി | പുരാവസ്തു വകുപ്പിന്റെ കീഴിൽ മ്യൂസിയമായി പ്രവർത്തിക്കുന്നു |
| 9 | ടിമ്പർ ഡിപ്പോ, ചെങ്കോട്ട | തടി ഡിപ്പോ ആയി സംരക്ഷിച്ചു വരുന്നു. |
| 10 | ടിമ്പർ ഡിപ്പോ, പൊള്ളാച്ചി | കേരള വൈൽഡ് ലൈഫ് ടൂറിസം ഇൻഫർമേഷൻ സെന്റർ ആയി പ്രവർത്തിച്ചു വരുന്നു. |
| 11 | ടിമ്പർ ഡിപ്പോ, നഞ്ചൻകോട്, കർണ്ണാടക | തടി ഡിപ്പോ ആയി സംരക്ഷിച്ചു വരുന്നു. |
| 12 | സത്രം, വാരണാസി ഉത്തർപ്രദേശ് | കൊച്ചിൻ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള ടി സ്ഥലം തീർത്ഥാടനവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി ലീസിന് നൽകിയിരിക്കുന്നു. |